LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലം മാറ്റം നടത്തുന്നതിന് സർക്കാർ ഉത്തരവുകളും അതിന്മേൽ പ്രതിപാദിച്ചിട്ടുള്ള ഇളവുകളും മാനദണ്ഡങ്ങളുമുണ്ട്.

(ബി) അഞ്ച് വർഷത്തിലധികമായി ഒരു ജില്ലയിലും മൂന്ന് വർഷത്തിലധികമായി ഒരു സീറ്റിൽ ജോലി ചെയ്യുന്ന എത്ര ഓഫീസർമാർ തിരുവനന്തപുരം ജില്ലയിലെ പ്രസ്തുത ഓഫീസുകളിലുണ്ട്?

അഞ്ച് വർഷത്തിലധികമായി ഒരു ജില്ലയിലും മൂന്ന് വർഷത്തിലധികമായി ഒരു സീറ്റിലും ജോലി ചെയ്യുന്ന 1301 ഓഫീസർമാർ തിരുവനന്തപുരം ജില്ലയിലെ ഓഫീസുകളിലുണ്ട്.

(സി) കേരള സർക്കാർ പൊതുസ്ഥലംമാറ്റത്തിനായി ഇറക്കിയിട്ടുള്ള ഉത്തരവിലെ ഏതെല്ലാം വ്യവസ്ഥകളാണ് കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കാത്തത്; അറിയിക്കുമോ?

പൊതുസ്ഥലം മാറ്റത്തിനായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും കേരള വാട്ടർ അതോറിറ്റിയിലും നടപ്പിലാക്കിവരുന്നു.

(ഡി) അപ്രകാരമുള്ള തീരുമാനമെടുക്കാൻ ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നറിയിക്കുമോ?

ബാധകമല്ല.

കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

224(2260) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിൽ മതിയായ എണ്ണം ജീവനക്കാരില്ലാത്തതിനാൽ അവിടങ്ങളിലെ പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഫീൽഡുതലത്തിലുള്ള ഓഫീസർമാരുടെ എണ്ണക്കുറവ് പരിഹരിക്കുന്നതിന് കേന്ദ്ര ഓഫീസുകളിൽനിന്നും തസ്തിക ഷിഫ്റ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഫീൽഡുതലത്തിലുള്ള ഓഫീസർമാരുടെ എണ്ണക്കുറവ് പരിഹരിക്കുന്നതിനുള്ള അഭ്യർത്ഥനകൾ ബന്ധപ്പെട്ട ഓഫീസുകളിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് തസ്തിക ഷിഫ്റ്റ് ചെയ്യുന്നകാര്യമുൾപ്പെടെ പരിശോധിക്കുന്നതാണ്.

(സി) സെക്ഷൻ ഓഫീസ് മുതൽ എം.ഡി. വരെ കേരള വാട്ടർ അതോറിറ്റിയിൽ എത്ര തലങ്ങളിലാണ് ഓഫീസുകളുള്ളതെന്ന് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസ് മുതൽ എം.ഡി. വരെ കേരള വാട്ടർ അതോറിറ്റിയിൽ 6 തലങ്ങളിലുള്ള ഓഫീസുകളുണ്ട്.

(ഡി) ഇക്കാരണത്താൽ, തീരുമാനമെടുക്കുന്നതിൽ കാലതാമസം ഒഴിവാക്കുവാൻ ഓഫീസ് തലങ്ങളുടെ എണ്ണം കുറയ്ക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഓഫീസ് തലങ്ങളുടെ എണ്ണം കുറയ്ക്കുന്നത് പരിശോധിക്കുന്നതിന് കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. നിലവിൽ കേരള വാട്ടർ അതോറിറ്റിയിലെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചും അവയുടെ പുനഃക്രമീകരണം സംബന്ധിച്ചുമുള്ള കേരള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശത്തിന്മേൽ ഇതുസംബന്ധിച്ച് വിശദമായ ഒരു വർക്ക് സ്റ്റഡി, ഒരു പ്രൊഫഷണൽ ഏജൻസി മുഖേന നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ 22-02-2020-ലെ WS-C2/174/2019-WRD നമ്പർ സർക്കാർ കത്തിലൂടെ കേരള വാട്ടർ അതോറിറ്റി എം.ഡി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം ഇതിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയും.

കേരള വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ

225(2261) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ 2021 ഡിസംബറോടെ നടക്കേണ്ട പ്രൊമോഷനുകൾ ഏതൊക്കെയാണെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മറ്റിയുടെ 2021-ലെ ഗസറ്റ് വിജ്ഞാപനങ്ങൾ ലഭ്യമാക്കാമോ?

സമയബന്ധിതമായ പ്രൊമോഷൻ എന്നത് ഒരു അവകാശമല്ല, വകുപ്പിന്റെ ആവശ്യങ്ങൾക്കനുസരിച്ചാണ് പ്രൊമോഷൻ ചട്ടപ്രകാരം നൽകിവരുന്നത്. ഗസറ്റ് വിജ്ഞാപനങ്ങളുടെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) 2021 ഡിസംബറോടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly